## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.51 27.06.2011-ൽ മറുപടിക്കുള്ളത്

**<u>എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| **(എ)** കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ തളിച്ചതിന്റെ പ്രത്യാഘാതംമൂലം ആകെ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | **(എ)** ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് 680 പേർ മരണപ്പെട്ടിട്ടുളളതായി കണക്കാക്കുന്നു. |
| **(ബി)** ഇതിൽ 2006 മേയ് മാസത്തിന് മുമ്പ് മരണപ്പെട്ടവർ എത്രയെന്നും അവരുടെ ആശ്രിതർക്ക് എത്ര രൂപ വീതം സർക്കാർ ധനസഹായം നൽകിയിരുന്നു എന്നും വ്യക്തമാക്കുമോ ; | **(ബി)** 2006 ആഗസ്തിൽ തയ്യാറാക്കിയ പട്ടിക പ്രകാരം 133 പേർ മരണമടഞ്ഞിട്ടുണ്ട്. ടി പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും 50,000/- രൂപ വീതം സർക്കാർ ധനസഹായം നൽകിയിരുന്നു. |
| **(സി)** 2006 മേയ് മാസത്തിന് ശേഷം മരണപ്പെട്ടവർ എത്രയെന്നും അവരുടെ ആശ്രിതർക്ക് എത്ര രൂപ വീതം സർക്കാർ ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | **(സി)** 2006-നുശേഷം 2008-ൽ തയ്യാറാക്കിയ പട്ടികയിൽ 353 പേർ ഉൾപ്പെടുന്നു. ടി പട്ടികയിലെ 45 പേർക്ക് 50,000/- രൂപാ വീതം ധനസഹായം വിതരണം ചെയ്തിരുന്നു. മേൽ പറഞ്ഞ മുഴുവൻ പേർക്കും 1 ലക്ഷം രൂപാ വീതം 20.6.2011-ന് വിതരണം ചെയ്തിട്ടുണ്ട്. |
| **(ഡി)** എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | **(ഡി)**<br>1) ദുരിതബാധിതർക്കുളള സൗജന്യ ചികിത്സ<br>2) ദുരിതബാധിതരിൽ ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്ക് ആവശ്യമായ ദൃശ്യ - ശ്രാവ്യ ചലന ഉപകരണങ്ങൾ നൽകിവരുന്നുണ്ട്. |

3) ദുരിതബാധിതരിൽ കിടപ്പിലായവർക്ക് 2000 രൂപയും അല്ലാത്തവർക്ക് 1000 രൂപയും മാസംതോറും പെൻഷൻ നൽകി വരുന്നുണ്ട്.

4) ദുരിത ബാധിതരുടെ കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് 2011-12 അദ്ധ്യയന വർഷത്തിൽ പ്രത്യേക സ്കോളർഷിപ്പ് നൽകി വരുന്നു.

5) ദുരിത ബാധിതർക്ക് സൗജന്യ റേഷൻ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ